# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4437 22/07/2015-ൽ മറുപടിയ്ക്ക്**

## മത്സ്യസമൃദ്ധി പദ്ധതിയിൻമേൽ ജനകീയ ഓഡിറ്റ്

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) വയനാട് ജില്ലയിൽ നടപ്പാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഫിഷറീസ് വകുപ്പ് നേരിട്ട് ജനകീയ ഓഡിറ്റ് നടത്തുന്നില്ല. എന്നാൽ 2012-15 കാലയളവിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ നേട്ടകോട്ട വിശകലനം (സോഷ്യൽ ഓഡിറ്റ്) നടത്തുന്നതിന് മത്സ്യകർഷക വികസന ഏജൻസിയുടെ 2014 ഒക്ടോബർ 30-ന് ചേർന്ന മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ ജനകീയ ഓഡിറ്റ് നടത്തുന്നതുകൊണ്ടുള്ള പ്രയോജനം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയുടെ ഗുണഭോക്താക്കളായ മത്സ്യകർഷകർക്ക് മത്സ്യസമൃദ്ധി പ്രവർത്തനങ്ങളും പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങളും പൊതു സമൂഹത്തിന് മുമ്പിൽ വിശദീകരിക്കുന്നതിന് സാധിച്ചു. ഇത്തരത്തിൽ ഒരു വിശകലനത്തിലൂടെ ലഭ്യമായ അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിലൂടെ പദ്ധതി കൂടുതൽ ഫലപ്രദമായി വീണ്ടും നടപ്പാക്കാൻ കഴിയുന്നു. |
| (സി) ജില്ലയിലെ മത്സ്യസമൃദ്ധി പദ്ധതിയുടെ ജനകീയ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാകാത്തതിനാൽ ജില്ലയിൽ നിന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ